**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 262** **23-01-2025 - ൽ മറുപടിയ്ക്ക്**

**ഹോട്ടൽ ഭക്ഷണത്തിന്റെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഹോട്ടൽ ഭക്ഷണത്തിന്റെ സുരക്ഷയും ഗുണനിലവാരവും പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ജീവനക്കാരുടെ അപര്യാപ്തത വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിയ്ക്കുന്നുണ്ട്. വകുപ്പിൽ ഒരു അസംബ്ലി മണ്ഡലത്തിൽ ഒരു ഭക്ഷ്യ സുരക്ഷാ ഓഫീസർ ആണ് നിലവിലുള്ളത് . എന്നിരുന്നാലും നിലവിലുള്ള ജീവനക്കാരെ പൂർണ്ണമായും ഉപയോഗപ്പെടുത്തി കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തി വരുന്നത്. |
| (ബി) | ഭക്ഷണ ഗുണനിലവാരം കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ഭക്ഷ്യ സുരക്ഷാ വകുപ്പിൽ കൂടുതൽ ജീവനക്കാരെയും ഉദ്യോഗസ്ഥരെയും നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ് . |
| (സി) | വൃത്തിഹീനമായ ഇടങ്ങളിൽ ഭക്ഷണം തയ്യാറാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | വൃത്തിഹീനമായ ഇടങ്ങളിൽ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യാതിരിക്കാനുള്ള ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് ഭക്ഷ്യ സുരക്ഷാ വകുപ്പ് സ്വീകരിച്ച് വരുന്നത്. ഭക്ഷ്യ സ്ഥാപനങ്ങളിലെ പരിശോധന, നോട്ടീസ് നൽകൽ, പിഴ ചുമത്തൽ, സർവ്വയിലൻസ്/ സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളുടെ ശേഖരണം, അവയുടെ കൃത്യമായ പരിശോധന എന്നിവയിലൂടെ ഗുണമേന്മയില്ലാത്ത ഭക്ഷണം വിതരണം ചെയ്യുന്നവർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ, പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | വഴിയോരങ്ങളിലുൾപ്പെടെ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് വഴിയോരങ്ങളിൽ പ്രവർത്തിക്കുന്ന തട്ടുകടകളും, ഭക്ഷണശാലകളും വൃത്തിയുള്ള രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനായി എല്ലാ സർക്കിൾ തലത്തിലും പ്രത്യേക പരിശോധനകൾ നടത്തിവരുന്നു. വഴിയോരക്കടകളിൽ വിൽപ്പന നടത്തുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രാത്രികാല പരിശോധനകളും, സ്പെഷ്യൽ |

| | | | |
|---|---|---|---|
| | | | സ്ക്വാഡുകൾ രൂപീകരിച്ചുള്ള പ്രത്യേക പരിശോധനകളും നടത്തി വരുന്നു. സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന വെള്ളം പരിശോധന നടത്തിയ റിപ്പോർട്ട്, ജീവനക്കാരുടെ ഹെൽത്ത് കാർഡ് എന്നിവ ഉണ്ടെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നു. കൂടാതെ മൊബൈൽ ലാബിന്റെ സഹായത്തോടെ തട്ടുകടകളിൽ ഉപോഗിക്കുന്ന എണ്ണ, ചായപ്പൊടി എന്നിവയുടെ പരിശോധനകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. തട്ടുകടകൾ നടത്തുന്ന വ്യക്തികൾക്ക് FoSTaC Training നൽകി അവരെ ശരിയായ രീതിയിൽ ഭക്ഷണം കൈകാര്യം ചെയ്യുന്നതിനായി പ്രാപ്തരാക്കുന്നു. |

സെക്ഷൻ ഓഫീസർ